ജില്ല	സർക്കാർ	മാനേജ്മെന്റ്
തിരുവനന്തപുരം	4	5
കൊല്ലം	2	6
പത്തനംതിട്ട	1	9
ആലപ്പുഴ	3	6
കോട്ടയം	3	7
ഇടുക്കി	3	2
എറണാകുളം	4	10
തൃശൂർ	2	7
പാലക്കാട്	3	4
മലപ്പുറം	2	3
കോഴിക്കോട്	3	2
വയനാട്	2	1
കണ്ണൂർ	4	0
കാസർഗോഡ്	2	1
	38	63

(ബി) ഓരോ വർഷവും 4040 പേർ കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്നുണ്ട്.

(സി) ഇത് സംബന്ധിച്ച വിവരം വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഉണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കെ.ബി.പി.എസ്-ന് നൽകിയ അച്ചടി ഓർഡർ

180 (2906) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനമായ കെ.ബി.പി.എസ്.-ന് നൽകിയ പാഠപുസ്തകങ്ങളുടെ അച്ചടി ഓർഡർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയ ഓർഡർ പ്രകാരമുള്ള പുസ്തകങ്ങൾ അച്ചടിച്ച് കിട്ടിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനിയും എത്ര പുസ്തകങ്ങൾ കിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ സ്ഥാപനങ്ങളെ അച്ചടി പൂർണ്ണമായും ഏൽപ്പിക്കാതിരുന്നത് എന്തുകൊണ്ട് ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2.67 കോടി പുസ്തകങ്ങൾ കെ. ബി. പി. എ സി-ൽ നിന്നും യഥാ സമയം തയ്യാറാക്കി വിതരണം ചെയ്തിരുന്നുവോ ;

(ഇ) ഈ സ്ഥാപനത്തിന്റെ ആദ്യ നാളുകളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഓർഡറുകൾ സ്വീകരിച്ചിരുന്നുവോ ;

(എ ഫ്) ഇത്തരത്തിൽ മാതൃകാപരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ അച്ചടി പോലി കുറയ്ക്കുകയും സ്വകാര്യ സ്ഥാപനങ്ങൾക്ക് അധിക ജോലി ഏൽപ്പിക്കുകയും ചെയ്യുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,51,13,000 പാഠപുസ്തകങ്ങളുടെ അച്ചടിയാണ് കെ.ബി.പി.എസ്-ന് നൽകിയിട്ടുള്ളത്.

(ബി) സർക്കാർ പ്രസ്സുകളെ അച്ചടി ജോലി ഏൽപ്പിച്ചതിൽ നിന്നും വളരെ വൈകിയാണ് സ്വകാര്യ പ്രസ്സുകളെ ജോലി ഏൽപ്പിച്ചത്. അവർക്ക് നൽകിയ മൊത്തം 1,66,98,500 പുസ്തകങ്ങളിൽ ഇനിയും 11,38,000 പുസ്തകങ്ങൾ അച്ചടിച്ച് ലഭിക്കുവാനുണ്ട്.

(സി) പാഠപുസ്തകങ്ങളുടെ അച്ചടിയുടെ കാര്യത്തിൽ സർക്കാർ പ്രസ്സുകൾക്കാണ് പ്രാമുഖ്യം നൽകിവരുന്നത്. എന്നാൽ ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളുടെയും അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ അവർക്ക് കഴിയാതെ വരുന്നതുകൊണ്ടാണ് സ്വകാര്യ പ്രസ്സുകളെയും അച്ചടി ജോലി ഏൽപ്പിക്കുന്നത്.

(ഡി) ഇല്ല.

(ഇ) 1980-1981, 1981-1982 എന്നീ വർഷങ്ങളിൽ ആന്ധ്രാപ്രദേശ് ഗവൺമെന്റിന്റെ പാഠപുസ്തങ്ങൾ കെ.ബി.പി.എസ്.-ൽ അച്ചടിച്ചിരുന്നു.

(എ ഫ്) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടിയാണ് അച്ചടി ജോലി കെ.ബി.പി.എസ്.-ന് പുറമെ മറ്റ് പ്രസ്സുകളെയും ഏൽപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly